# തൂലിക

Newsletter of
Jesus Youth
Dubai

Issue 570
13 September 2019
www.thoolikaa.net




## വിശുദ്ധ കുർബാനയിലെ അഭിഷേകം

പേജ് 4 കാണുക

''കൃതജ്ഞതയർപ്പിച്ചതിനുശേഷം, അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു:
ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്.
എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ.''

1 കോറി. 11:24




ലക്കം 570
13 സെപ്തംബർ 2019

# തൂലിക

ജീസസ് യൂത്ത് ദുബായുടെ വാരാന്ത്യ പതിപ്പ്

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| കവിത | 07 |
| യൂകാറ്റ് കോർണർ | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 11 |


## മൊഴിമുത്തുകൾ

"നീ ദൈവത്തോട് എത്ര കൂടുതൽ ഉദാരത കാണിക്കുന്നുവോ അത്രകൂടുതൽ ഉദാരത നിന്നോടു ദൈവം കാണിക്കുന്നെന്നു മനസ്സിലാക്കും."

**വിശുദ്ധ ഇഗ്നേഷ്യസ് ലയോള (14911556)**

പതിനാല് സോണൽ കൂട്ടായ്മകളും പതിനാല് വിശുദ്ധരുടെ മാദ്ധ്യസ്ഥം സ്വീകരിച്ച് ഒരേ ദിവസം ഒരേ സമയം ദൈവത്തെ മഹത്വപ്പെടുത്താൻ ഒരുമിച്ചു ചേരുന്നു.

**Wednesday 8.15pm to 9.45pm**



## സോണൽ കൂട്ടായ്മകൾ

എല്ലാ ബുധനാഴ്ചകളിലും വൈകീട്ട് 8.15മുതൽ 9.45വരെ

**സെന്റ് മേരീസ് - കരാമ**
നിഷ 056 4897592

**സെന്റ് മരിയ ഗൊരേത്തി - ബർദുബായ്**
ആന്റോ 056 532 2165

**സെന്റ് ജോസഫ് - ലുലു വില്ലേജ്**
ആൻസി 052 7539188

**സെന്റ് സെബാസ്റ്റ്യൻ - അൽ നാഹ്ദ**
സുനിൽ 050 1470885

**സെന്റ് അൽഫോൻസ - അൽഖിസൈസ്**
എബിൻ - 056 8689312

**സെന്റ് ആന്റണീസ് - സോനാപൂർ**
ഫ്രാൻസിസ് 056 9645184

**സെന്റ് ജോൺ മരിയ വിയാനി - അൽഖൂസ്**
ഡയസ് - 050 1904337

**സെന്റ് ജോർജ്ജ് - റാഷിദിയ**
ലിജോ കുരുവിള - 056 4152208

**സെന്റ് ജൂഡ് - മുത്തീന**
ജോജോ തോമസ് 052 1158226

**ഇൻഫന്റ് ജീസസ് - അൽബറാഹ**
പ്രിൻസ് ജോർജ്ജ് 052 7087623


**സെന്റ് മൈക്കിൾസ് - സത്വ**
സെബി 054 4207201

**സെന്റ് ഫ്രാൻസിസ് അസീസ്സി**
**ഹോർ അൽ ആൻസ്**
സബിൻ 052 8838576

**സെന്റ് പാദ്രേ പിയോ**
**ഇന്റർനാഷ്ണൽ സിറ്റി**
റിഗൻ 052 2011701

**സെന്റ് പോൾ - സിലികോൺ ഒയാസിസ്**
ജോർമ്മി 052 9783044

# ആത്മാവിൻ ബലമായ്... ജീവന്റെ ഔഷധമായ്...



ചാക്കോ ചേട്ടന്റെ വീട്ടിൽ വലിയ ഒരു കൂടിച്ചേരൽ നടക്കുകയാണ്. പത്തേക്കറോളം വരുന്ന വീടും സ്ഥലവുമെല്ലാം അദ്ധേഹം തന്റെ അഞ്ചു മക്കൾക്കായി ഭാഗിച്ചു നൽകുന്ന ദിവസമാണിന്ന്. മക്കൾ എല്ലാവരും കൃത്യസമയത്തു തന്നെ എത്തിച്ചേർന്നിട്ടുണ്ട്. ചേട്ടൻ വിൽപത്രം വായിച്ചു ഓരോരുത്തർക്കും നൽകാനുള്ളത് കൃത്യമായി കൊടുത്തു കഴിഞ്ഞു. അവസാനം ഒരു സമ്മാനം കൂടി ഉണ്ടെന്ന് ചേട്ടൻ പറഞ്ഞപ്പോൾ മക്കൾ തെല്ലൊന്നമ്പരന്നു. അവർക്ക് ആകാംഷയായി. കൂട്ടത്തിൽ മുതിർന്നവന്റെ കയ്യിൽ ഒരു കുറിപ്പ് അദ്ധേഹം കൊടുത്തു. അവൻ അത് വായിച്ചു നോക്കി അടുത്തയാൾക്ക് കൊടുത്തു. അവൻ അടുത്തയാൾക്ക് കൈമാറി. അങ്ങനെ അത് അവസാനത്തെ ആളുടെ കയ്യിൽ എത്തി. തെല്ലൊന്ന് മടിച്ചെങ്കിലും അവൻ അത് ചാക്കോ ചേട്ടന്റെ കയ്യിൽ തന്നെ തിരിച്ചു നൽകി. തന്നെക്കാൾ തന്റെ സമ്പാദ്യം മാത്രമാണ് അവരുടെ ലക്ഷ്യം എന്ന് മനസിലാക്കിയ അദ്ദേഹം മെല്ലെ അവരുടെ അടുത്തു നിന്നും മുറിയിലേയ്ക്ക് നടന്നു.

സമ്മാനം ലഭിക്കുക എന്നത് എല്ലാവർക്കും ഇഷ്ടമുള്ള കാര്യമാണ്. നല്കുന്ന ആളുടെ സ്നേഹത്തിന്റെ പ്രകടനം ആണ് ഓരോ സമ്മാനത്തിലും നമുക്കു കാണുവാൻ കഴിയുന്നത്. എത്രത്തോളം അവർ നമ്മെ സ്നേഹിക്കുന്നു എന്ന് വെളിവാകുന്ന അവസരം. അതുപോലെ, ആർക്കും വിലമതിക്കാനാവാത്ത, മറ്റാർക്കും  നല്കാൻ കഴിയാത്ത ഒരു സമ്മാനം നമുക്കോരോരുത്തർക്കും  കിട്ടിയിട്ടുണ്ട്. വേദനയുടെ പാരമ്യത്തിലും തന്റെ പ്രിയപ്പെട്ടവർക്ക് ജീവന്റെ ഔഷധമായി, ആത്മാവിന്റെ ബലമായി നമ്മുടെ ക്രിസ്തു നമുക്കു നല്കിയ സമ്മാനമാണ് വിശുദ്ധ കുർബ്ബാന. അന്ന് ആ പെസഹാരാത്രിയിൽ പന്ത്രണ്ട് ശിഷ്യർക്കായി മുറിഞ്ഞ ആ സമ്മാനം ഇന്ന് ഓരോ പ്രഭാതത്തിലും അൽത്താരകളിൽ നമുക്കായി മുറിയപ്പെടുന്നുണ്ട്. ഈ ലോക ജീവിത യാത്രയിൽ ചില ഉത്തരമില്ലാത്ത ചോദ്യങ്ങൾ നമ്മെ കുത്തിനോവിക്കുമ്പോൾ ആ ബലിപീഠം ലക്ഷ്യമാക്കി നീങ്ങുവാൻ നമുക്ക് കഴിയണം. ആ ബലിപീഠത്തിൽ അപ്പവും വീഞ്ഞും തിരുശ്ശരീര രക്തങ്ങളായി മാറുമ്പോൾ നമ്മുടെ നൊമ്പരങ്ങളും സന്തോഷമായി മാറണം. അതിനപ്പുറത്തേക്ക് ഒരു സങ്കടവും നീളുവാൻ ഇടവരരുത്. കാരണം സ്വയം മുറിഞ്ഞവന്റെ വേദനയോളം നൊമ്പരമൊന്നും നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഇനിയുള്ള ജീവിത യാത്രയിൽ വിശുദ്ധ കുർബ്ബാന നമ്മുടെ ജീവിതത്തിന്റെ ഭാഗമായി നമുക്കു മാറ്റാം. ബലിവേദിയോട് ചേർന്നുനിന്നുകൊണ്ട്, മാലാഖമാരോടൊപ്പം ആ സ്വർഗ്ഗീയ സമ്മാനം നമുക്കു സ്വീകരിക്കാം.

സ്നേഹപൂർവ്വം,
റിജോ മണിമല
എഡിറ്റർ



# വിശുദ്ധ കുർബാനയിലെ അഭിഷേകം

**ലേഖനം: സെബിൻ.സി.ആർ**

ഈശോയിൽ സ്നേഹം നിറഞ്ഞവരെ, പരിശുദ്ധ കുർബാനയിലൂടെ ത്രിയേക ദൈവം നമ്മുടെ ജീവിതത്തിലേക്ക് ചൊരിയുന്ന കൃപകളും, അനുഗ്രഹങ്ങളും, കരുണയും നമ്മുടെ ചിന്തകൾക്കും ബുദ്ധിക്കും അതീതമാണ്. വി. കുർബാനയിലെ യേശുക്രിസ്തുവിന്റെ സാനിധ്യം ലോകത്തെ അദ്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാര്യമാണ്. ലോകത്തിൽ സംഭവിച്ചിട്ടുള്ള ദിവ്യകാരുണ്യ അദ്ഭുതങ്ങൾ ഇതിന് ഉദാഹരണമാണ്. മനുഷ്യ നിർമ്മിതമായ ഗോതമ്പ് അപ്പവും വീഞ്ഞും യേശുക്രിസ്തുവിന്റെ അഭിഷിക്തനായ പുരോഹിതനിലൂടെ ഈശോയുടെ തിരുശരീരരക്തമായി മാറുന്ന വിശുദ്ധ കുർബാനയെക്കാൾ വലിയ അദ്ഭുതം വേറൊന്നില്ല എന്നു നിസംശയം പറയാൻ നമുക്ക് സാധിക്കും. പെസഹാ തിരുനാളിൽ അന്ത്യ അത്താഴ സമയത്ത് സ്ഥാപിച്ച വി. കുർബാന പൂർത്തിയായത് കുരിശിലെ ബലിയോട് കൂടിയാണ്. കാൽവരി മലയുടെ മുകളിൽ നിത്യപുരോഹിതനായ യേശു അർപ്പിച്ച ബലിയുടെ അനുസ്മരണമാണ് സഭയിലെ ഓരോ ദിവ്യബലിയും. ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന ഈശോയുടെ കൽപ്പന സഭ ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

കാൽവരിയിലെ ഈശോയുടെ ബലിയിൽ പരിശുദ്ധ അമ്മയും യോഹന്നാനും പങ്കുകാരായതുപോലെ നാം അർപ്പിക്കുന്ന ദിവ്യബലിയിലും പരിശുദ്ധ അമ്മയും വിശുദ്ധരും, മാലാഖമാരും സന്നിഹിതരാകുന്നുണ്ട്. ദൈവപുത്രനായ ഈശോമിശിഹായുടെ പീഡാനുഭവവും, കുരിശുമരണവും, ഉയർപ്പും ധ്യാനിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുന്ന ദിവ്യബലിയിൽ ഉടനീളം ഹല്ലേലൂയ ഗീതങ്ങളുമായി മാലാഖമാർ അണിച്ചേരുന്നുണ്ട്. അൾത്താരയിലെ ബലിപീഠം ഈശോയുടെ കുരിശിന്റെ പ്രതിബിംബമാകുമ്പോൾ, ആ കുരിശിനുചുവട്ടിൽ മാതാവും ശിഷ്യനും

നിന്നതുപോലെ, ദേവാലയത്തിന്റെ അൾത്താരയിൽ മാതാവും വിശുദ്ധരും നമ്മോടൊപ്പം ബലിയർപ്പിക്കാൻ വരുന്നുണ്ട്. സ്വർഗ്ഗം മുഴുവനായ് ബലിയർപ്പണം നടക്കുന്ന അൾത്താരയിലേക്ക് ഇറങ്ങിവരുന്ന നിമിഷങ്ങൾ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവം നമ്മെ അനുഗ്രഹിക്കാനായി ഇറങ്ങിവരുന്ന സമയം. ഭൂമിയിലായിരിക്കുന്ന നമുക്ക് ഓരോരുത്തർക്കും സ്വർഗ്ഗീയാനന്ദം അനുഭവഭേദ്യമാകുന്ന നിമിഷങ്ങളാണ്. വി.കുർബാന, ദൈവകരുണയുടെ നിലയ്ക്കാത്ത പ്രവാഹം സ്വർഗ്ഗത്തിൽനിന്നും ദൈവജനത്തിലേക്ക് ചൊരിയപ്പെടുന്നു. ഓരോ ബലിയിലും എന്റെ അനുദിന ജീവിതത്തിലെ നിരവധിയായ പാപങ്ങൾ ഈശോയുടെ കരുണയാൽ തുടച്ചുമാറ്റപ്പെടുന്നു.

യേശുവിന്റെ തിരുരക്തത്താൽ ഞാൻ വിശുദ്ധീകരിക്കപ്പെടുന്നു. അനുദിന ജീവിതത്തിന് ആവശ്യമായ ശക്തിയും അഭിഷേകവും ഓരോ ബലിയിലൂടെയും നാം സ്വീകരിക്കണം. നമ്മളിലുള്ള പൈശാചിക അടിമത്തങ്ങൾ തകർന്നുപോകാനും, രോഗങ്ങൾ സൗഖ്യമാകാനും, പാപത്തിന്റെ സ്വാധീനങ്ങൾ നിർവ്വീര്യമാകുവാനും വിശുദ്ധിയിൽ ജീവിക്കാനും കുർബ്ബാനയുടെ അഭിഷേകം നമ്മളെ സഹായിക്കുന്നു.

ഓരോ പൈതലിന്റെയും കൂടെ വസിക്കാനല്ലേ അവൻ ദിവ്യകാരുണ്യമായ് മാറിയത്. ദിവ്യബലിയിലെ പങ്കാളിത്തം പൂർണ്ണമാകു

*തുടർച്ച... പേജ് 7*


---

കാർട്ടൂൺ



# ടൊളെന്തീനോയിലെ വി. നിക്കൊളാസ് (1245-1306)

**(അഗസ്റ്റീനിയൻ സഭാംഗം)**




സെൻ്റ് ആഞ്ചെലോയിൽ ഒരു ദരിദ്രകുടും ബത്തിലാണ് 1245 ൽ നിക്കൊളാസ് ജനിച്ച ത്. ഭക്തരായ മാതാപിതാക്കൾ ബാല്യത്തിൽ തന്നെ നിക്കൊളാസിനെ പ്രാർത്ഥനാശീലനാക്കി. ദൈവവചനശ്രവണത്തിൽ അതീവ തല്പരനായിരുന്നു നിക്കൊളാസ്. ദരിദ്രരോട് ആർദ്രമായ സ്നേഹം പുലർത്തിയിരുന്നു. കണ്ടുമുട്ടുന്ന ദരിദ്രരെ വിളിച്ച് തനിക്കായി വച്ചിരുന്ന ഭക്ഷണത്തിൽനിന്ന് ഒരോഹരി അവർക്കു കൊടുത്തശേഷം മാത്രമാണ് ഭക്ഷിച്ചിരുന്നത്. ബുധൻ, വെള്ളി, ശനി ഇവ ഉപവാസ ദിവസങ്ങളായിരുന്നു. യൗവ്വനത്തിലെത്തിയപ്പോൾ തിങ്കളാഴ്ചയും ഉപവസിച്ചിരുന്നു.

ദുർവ്വാസനകൾക്കടിമപ്പെടാത്ത ജീവിതമായിരുന്നു നിക്കോളാസിൻ്റേത്. സദ്ഗ്രന്ഥങ്ങൾ വായിക്കാനും, ഭക്തസംഭാഷണം നടത്താനും ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കാനും അതീവ താല്പര്യമാണുണ്ടായിരുന്നത്. വിദ്യാഭ്യാസത്തിൽ അതിശീഘ്രം പുരോഗമിച്ചു.

18-ാമത്തെ വയസ്സിൽ വി. അഗസ്റ്റീനോസിൻ്റെ സന്യാസികളുടെ ഗണത്തിൽ ചേർന്നു. നൊവിഷ്യേറ്റിൽ ഏവർക്കും മാതൃകയായിരുന്നു. പ്രാർത്ഥനാചൈതന്യവും ദിവ്യകാരുണ്യഭക്തിയും പ്രചോദനദായകമായിരുന്നു.


പഠനകാലം യഥായോഗ്യം പൂർത്തിയാക്കിയപ്പോൾ പൗരോഹിത്യാഭിഷേകം സ്വീകരിച്ചു. ബലിപീഠത്തിൽ സ്രാപ്പേമാലാഖയെപ്പോലെയാണു നിന്നിരുന്നത്. ഹൃദയത്തിലെരിഞ്ഞിരുന്ന ദൈവസ്നേഹാഗ്നി മുഖത്തെയും പ്രകാശിതമാക്കിയിരുന്നു. ദിവ്യബലിയർപ്പണസമയത്തു കണ്ണുനീർ ധാരയായി പ്രവഹിച്ചിരുന്നു. ഒരു വിശുദ്ധനർപ്പിക്കുന്ന ബലിയിലാണു തങ്ങൾ സംബന്ധിക്കുന്നതെന്ന് ഭക്തജനങ്ങൾ കരുതി.

ജീവിതത്തിൻ്റെ അവസാനത്തെ 30 വർഷം ടൊളെന്തിനോയിലാണ് വസിച്ചിരുന്നത്. നിക്കോളാസിൻ്റെ പ്രാർത്ഥനാജീവിതവും ദിവ്യകാരുണ്യ ഭക്തിയും തദ്ദേശവാസികൾക്ക് വളരെയധികം ആത്മീയോപകാരം ചെയ്തു. എല്ലാ ദിവസവും നിക്കോളാസ് വചനപ്രഘോഷണം നടത്തിയിരുന്നു. തത്ഫലമായി അനേകർ മാനസാന്തരപ്പെട്ടു. മതപഠനക്ലാസിലോ പാപനിവേദനവേദിയിലോ ആയാലും നിക്കോളാസിൻ്റെ വചനങ്ങൾ ഹൃദയസ്പർശിയായിരുന്നു.

1306 സെപ്റ്റംബർ 10-ാം തീയ്യതി നിക്കൊളാസ് നിര്യാതനായി. 1446-ൽ എവുസേബിയൂസ് നാലാമൻ മാർപ്പാപ്പ നിക്കൊളാസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

വിശുദ്ധൻ്റെ ദരിദ്രസ്നേഹവും ദിവ്യകാരുണ്യ ഭക്തിയും ഏവർക്കും പ്രചോദനദായകമാണ്.

## സ്നേഹനാഥൻ (ജോവാന ജോബിൻ)



കുട്ടികളെ ഏറെ സ്നേഹിക്കും യേശു അപ്പച്ചാ...
കുഞ്ഞു മക്കളെപോലെയാവാൻ പറഞ്ഞയേശുവേ...
കൂട്ടുകൂടി നടക്കാൻ കൂട്ടുകാരെ സ്നേഹിക്കാൻ
ഞങ്ങളെ പഠിപ്പിക്കണമേ...
നിന്റെ സ്നേഹം കൊടുക്കാൻ...
നിന്റെ വഴിയെ നടക്കാൻ
ഞങ്ങളെ പഠിപ്പിക്കണമേ...
മാതാപിതാക്കളെ സ്നേഹിക്കാൻ
അദ്ധ്യാപകരെ അനുസരിക്കാൻ
ഞങ്ങളെ പഠിപ്പിക്കണമേ...
അപ്പമായി ഇനി ഞങ്ങളുടെയുള്ളിൽ വരുന്ന
ദിവസത്തിനായി കാത്തിരിക്കുന്നു ഞങ്ങൾ
നിൻ കുഞ്ഞുമക്കൾ ഞങ്ങൾ...

*ലേഖനം തുടർച്ച... പേജ് 5*

ന്നത് കുർബ്ബാന സ്വീകരണത്തിലൂടെയാണെന്ന് 2-ാം വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പിക്കുന്നുണ്ട്. ദിവ്യബലിയിൽ പങ്കെടുത്ത് ഈശോയെ സ്വീകരിക്കാനുള്ള അവസരം ഇല്ലാതാകുമ്പോൾ നാം തിരിച്ചറിയണം, നാം നിഷേധിക്കുന്നത് നമുക്ക് ലഭിക്കാനിരിക്കുന്ന നിരവധി കൃപകളാണെന്ന്. ബലിയർപ്പിക്കാനായി കർത്താവിന്റെ ബലിപീഠത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഹൃദയത്തിൽ ചിന്തിക്കണം ഞാൻ ഈശോയെ സ്വീകരിക്കാൻത്തക്ക യോഗ്യതയിലാണോയെന്ന്. അയോഗ്യതയിലാണെങ്കിൽ, വിശുദ്ധ കുമ്പസാരത്തിലൂടെ ദൈവവുമായി അനുരഞ്ജനപ്പെടേണ്ടിയിരിക്കുന്നു.

കത്തോലിക്കാ സഭയിലെ എല്ലാ വിശുദ്ധരും ദിവ്യകാരുണ്യത്തോട് അഗാധമായ ഭക്തിയും വിശ്വാസവും ഉള്ളവരായിരുന്നു. ദിവ്യകാരുണ്യ നാഥനുമായുള്ള ആ ബന്ധമാണ് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാൻ അവരെ സഹായിച്ചത്. ഓരോ വിശുദ്ധരും നമ്മെ പഠിപ്പിക്കുന്നതും ദിവ്യകാരുണ്യത്തിലെ (പരിശുദ്ധ കുർബ്ബാനയിലെ) ഈശോയുടെ സജീവമായ സാന്നിദ്ധ്യം സത്യമാണ് എന്നുള്ളതാണ്. അതുകൊണ്ട് ഓരോ ബലിയിലും എന്നെയും കാത്ത് ഈശോനാഥൻ നില്പ്പുണ്ട്. തുറന്നുകിടക്കുന്ന ദേവാലയ വാതിലിനുള്ളിലൂടെ പ്രവേശിക്കുന്ന വ്യക്തി പിന്നീട് ആയിരിക്കുന്നത് ഈശോയുടെ തിരുഹൃദയത്തിനകത്താണ്, വറ്റാത്ത കരുണയുടെ ഉറവിടമായ തിരുഹൃദയത്തിൽ. സ്വർഗ്ഗം ഇറങ്ങിവരുന്ന അനുഗ്രഹ നിമിഷത്തിൽ ദൈവീക കൃപകളാലും അഭിഷേകത്താലും നമുക്ക് നിറയാം. പരിശുദ്ധ കുർബ്ബാനയുടെ അഭിഷേകം നമ്മുടെ ജീവിതത്തിൽ പ്രകടമാകട്ടെ.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**495. നമ്മുടെ പ്രാർത്ഥനകൾ കേൾക്കപ്പെട്ടുവെന്ന് നമുക്ക് ഉറച്ചു വിചാരിക്കാൻ പറ്റുമോ?**

**യേശുവിന്റെ നാമത്തിൽ നാം സമർപ്പിക്കുന്ന പ്രാർത്ഥന, യേശുവിന്റെ പ്രാർത്ഥന ചെന്നെത്തിയ സ്ഥലത്തു ചെല്ലുന്നു: സ്വർഗസ്ഥനായ പിതാവിന്റെ ഹൃദയത്തിൽ**

(2664-2669,2680-2681)

യേശുവിനെ വിശ്വസിച്ചാൽ നമുക്ക് ഇക്കാര്യത്തിൽ തീർച്ചയുണ്ടാകും.എന്തെന്നാൽ, പാപം മൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗത്തിലേക്കുള്ള വഴി യേശു വീണ്ടും തുറന്നു.യേശു ദൈവത്തിലേക്കു ള്ള വഴിയാണ്,അതുകൊണ്ട് ക്രിസ്ത്യാനികൾ പ്രാർത്ഥനകൾ അവസാനിപ്പിക്കുന്നത് ഈശൈലി ഉപയോഗിച്ചാണ്:  ഞങ്ങളുടെ കർത്താവായ യേശു ക്രിസ്ത്തുവിലുടെ ഞങ്ങൾ ഇക്കാര്യം യാചിക്കുന്നു





# ഫ്രാൻസിസ് പാപ്പയുടെ ആഫ്രിക്കൻ പര്യടനത്തിന് സമാപനം.

വത്തിക്കാൻ സിറ്റി : ഒരാഴ്ചയോളം നീണ്ടുനിന്ന ഫ്രാൻസിസ് പാപ്പയുടെ ത്രിരാഷ്ട്ര ആഫ്രിക്കൻ പര്യടനത്തിന് സമാപനം. സെപ്തംബർ 4-10 വരെ നീണ്ടുനിന്ന അപ്പസ്തോലിക യാത്രയിൽ മൊസാംബിക്, മഡഗാസ്കർ,മൗറീഷ്യസ് എന്നീ രാജ്യങ്ങളാണ് പാപ്പ സന്ദർശിച്ചത്. പ്രാദേശിക സമയം രാവിലെ 9 മണിയോടെ അന്തനാനരീവോ രാജ്യാന്തര വിമാനതാവളത്തിൽ എത്തിയ മാർപാപ്പ മഡഗാസ്കറിന്റെ പ്രസിഡന്റ് ആൻഡ്രി റൊജൊലീനയുമായി ഏതാനും നിമിഷങ്ങൾ സ്വകാര്യ കൂടിക്കാഴ്ച നടത്തി. ഔപചാരിക സൈനിക ബഹുമതി നല്കിയ ശേഷമാണ് പാപ്പായെ രാജ്യം യാത്രയാക്കിയത്.

നേരത്തെ സമാധാനരാജ്ഞിയുടെ തീർത്ഥാടനത്തിന്റെ തിരുനടയിൽ എത്തിയ പാപ്പാ, ഏതാനും നിമിഷങ്ങൾ പ്രാർത്ഥിച്ചശേഷം പ്രത്യേകം തയ്യാറാക്കിയ അൾത്താരയിൽ ബലിയർപ്പിച്ചു. വെളുത്ത പൂജാവസ്ത്രങ്ങൾ അണിഞ്ഞ് പാപ്പായും നൂറുകണക്കിന് വൈദികരും ബലിവേദി നിറഞ്ഞുനിനന്നത് ഒരു മഹോത്സവത്തിന്റെ പ്രതീതി ഉണർത്തി. ജനങ്ങൾ ആവേശത്തോടെയും സജീവമായും ആടിയും പാടിയും ഭക്തിനിർഭരമായി പങ്കുചേർന്നു. മഡഗാസ്കറിന്റെ തലസ്ഥാന നഗരമായ മപ്പുത്തോയിലെ അന്തനാനാരീവോ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും ചൊവ്വാഴ്ച പ്രാദേശിക സമയം രാവിലെ 9.20-ന്, ഇന്ത്യയിലെ സമയം11.15-ന് എയർ മഡഗാസ്കറിന്റെ എ 340 വിമാനത്തിൽ റോമിലേക്ക് യാത്ര തിരിച്ചതോടെയാണ് പാപ്പയുടെ സന്ദർശനത്തിന് സമാപനമായത്

## *പ്രാർത്ഥനാ സഹായം*

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## *മലയാളം കുമ്പസാരം*

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

## *കൃതികൾ ക്ഷണിക്കുന്നു*

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## *പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്*

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

### *മിഷനെക്കുറിച്ച് നിങ്ങൾക്ക് കൂടുതൽ അറിയാൻ വിളിക്കുക...*

*റിൻസ് റോയ് - 056 330 5532*

*ജെറിൻ കെ ജയൻ - 056 136 2680*

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

**ദിവ്യബലി സമയം - മലയാളം**
സെൻ്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

__ഫാമിലി__ - **ബെന്നി ആലഞ്ചേരി - 05 690 2721**
__ഫോർമേഷൻ__ - **ഷാരോൺ 052 160 3818**
*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തികളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"എന്തെന്നാൽ, നിങ്ങളുടെ എതിരാളികളിലാർക്കും ചെറുത്തു നിൽക്കാനോ എതിർക്കാനോ കഴിയാത്ത വാക്ചാതുരിയും ജ്ഞാനവും നിങ്ങൾക്കു ഞാൻ നൽകും."

(ലൂക്കാ. 21:15)

# Peace

I give to you.

JOHN 14:27

For Private Circulation (Within The Church Compound) Only

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Saneesh George
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net

Jesus Youth DUBAI